ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

ഉയിർപ്പുകാലം - 2018

Vol.9 Issue 9



# $50^{th}$ Wedding Anniversary



**മാത്യു** (കുഞ്ഞ്) **& ഏലിയാമ്മ** (കുട്ടിയമ്മ)

**നടയ്ക്കൽ**

**പൊൻകുന്നം**

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 7 |
| ഇടവക വിശേഷങ്ങളിലൂടെ | - | 9 |
| നിയമബോധനം | - | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. എബി. വാണിയപുരയ്ക്കൽ | 8547280056 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2018 മാർച്ച് ലക്കം

## മുഖമൊഴി

*വിശ്വാസജീവിതം നയിക്കാനുള്ള വിളിയാണ് ക്രൈസ്തവന്റേത്. ജീവിതകാലം മുഴുവനും ദൈവത്തിന്റെ അഗ്രാഹ്യതയോട് ചേർന്നു നിൽക്കുകയെന്നതാണ് വിശ്വാസത്തിന്റെ അർഥമെന്ന് ജർമ്മൻ ദൈവശാസ്ത്രജ്ഞനായ കാൾ റാനർ പറഞ്ഞിരിക്കുന്നു. മാത്രമല്ല ഒരുവൻ നീതികരിക്കപ്പെടുന്നത് പ്രവൃത്തിയിലല്ല വിശ്വാസത്താലാണ് എന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നുണ്ട്. ആരിലാണ് നാം വിശ്വാസം ഉറപ്പിക്കേണ്ടത്? മാനവകുലത്തിന്റെ സമഗ്രമോചനത്തിനായി അസത്യവും, തിന്മയും, ക്രൂരതയും, ദുഷ്ടതയും, ദുരിതങ്ങളും മൂലം അന്ധകാരപൂർണ്ണമായ ഈ ലോകത്തിലേക്ക് പച്ചയായ മനുഷ്യനായി ഇറങ്ങിവന്ന് പാപമൊഴികെ സർവ്വതിലും പൂർണ്ണമനുഷ്യനായി, ഇതാണു വഴി ....ഇതാണു സത്യം .... ഇതാണു ജീവൻ എന്നു വെളിപ്പെടുത്തിയ ദൈവത്തിലുള്ള വിശ്വാസം. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ എന്നു പറയുക മാത്രമല്ല, സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച ഒരു ദൈവം. ആ സത്യദൈവത്തിൽ- ഇന്നും ജീവിക്കുന്ന ക്രിസ്തുവിൽ അടിയുറച്ച വിശ്വാസമുള്ളവനായിരിക്കണം ഓരോ ക്രൈസ്തവനും. സഭയിൽ, സമൂഹത്തിൽ, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ എല്ലാം തന്നെ പ്രതിസന്ധികളും വെല്ലുവിളികളും ഉയർന്നു വരുമ്പോൾ കർദിനാൾ ന്യൂമാന്റെ വാക്കുകൾ നമ്മുക്ക് ശക്തിയേകുന്നു. 'വിശ്വാസം ഊർജ്ജമാണ്, നമ്മുടെ മനസ്സിലേക്കു പകരുന്ന ആത്മാവിന്റെ ഊർജ്ജം!" വിശ്വാസവും വിശ്വാസസത്യങ്ങളും ഓരോ ദിവസവും ചോദ്യം ചെയ്യപ്പെടുമ്പോൾ ഈ ഊർജ്ജം നമ്മുക്ക് ശക്തിപകരുന്നു. ബ്ലെസ് പാസ്കലിന്റെ വാക്കുകൾ അർഥവത്തായിരിക്കുന്ന ഒരു കാലമാണിത്. അദ്ദേഹം പറയുന്നു 'ഇക്കാലത്ത് സത്യം ഏറെ ഇരുട്ടിലാഴ്ത്തപ്പെടുകയും നുണ ഏറെ വ്യാപകമാവുകയും ചെയ്യുന്നു. അതുകൊണ്ട് സത്യത്തെ സ്നേഹിക്കുന്നില്ലെങ്കിൽ അതു തിരിച്ചറിയാൻ ഒരുവനും കഴിയുകയില്ല'. ഒരു യഥാർഥ ക്രിസ്തു ശിഷ്യൻ ഒരു പ്രതിസന്ധിയിലും മുട്ടുമടക്കുകയില്ല. പകരം പ്രതികൂല സാഹചര്യങ്ങളെ ദൈവത്തിലുള്ള പ്രത്യാശയിൽ ധൈര്യപൂർവ്വം അഭിമുഖീകരിക്കും. സത്യത്തിനു സാക്ഷ്യം വഹിക്കും. 'സത്യമാണോയെന്ന് അന്വേഷിച്ച് ഉറപ്പുവരുത്തുന്നതിനു മുൻപ് ഒരു കിംവദന്തി ഒരിക്കലും ആവർത്തിക്കരുത്. അതു സത്യമാണെങ്കിൽ നിങ്ങളുടെ നാവ് കൂടുതലായി നിയന്ത്രിച്ചു നിർത്തുക' എന്ന് സ്വീഡിഷ് എഴുത്തുകാരിയായ സെൽമ ലാഗെർലേഫിന്റെ വാക്കുകൾ നമ്മുക്ക് ഓർക്കാം. സത്യത്തിനു സാക്ഷ്യം വഹിക്കാനായി ഈ ലോകത്തിലേക്ക് മനുഷ്യനായി അവതരിച്ച ക്രിസ്തുവിനെപ്പോലെ സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിലൂടെ അവിടുത്തെ അനുഗമിക്കുവാൻ, പ്രേഷിതരാകുവാൻ നമ്മുക്ക് ഏവർക്കും സാധിക്കട്ടെ.*

# ഇടയമൊഴി

ഈശോയിൽ പ്രിയ സ്നേഹിതരേ,



വലിയ ആഴ്ചയോടെ നോമ്പുദിവസങ്ങൾ പിന്നിട്ട് നാം ഉയിർപ്പുകാലത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും കടന്ന് മഹത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുന്ന ഈശോയെ നാം കാണുന്നു. തോമ്മാശ്ലീഹായോട് ചേർന്ന് ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന് ഏറ്റുപറഞ്ഞ് നമുക്കവിടുത്തെ ആരാധിക്കാം.

ആദിമസഭയിൽ നോമ്പുകാലം മാമ്മോദീസായ്ക്കുള്ള ഒരുക്കത്തിന്റെ കാലവും കൂടി ആയിരുന്നു. ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചാണ് പുതുതായി വിശ്വാസത്തിലേയ്ക്കു വരുന്നവർക്ക് മാമ്മോദീസാ നല്കിയിരുന്നത്. മാമ്മോദീസാ സ്വീകരിക്കുന്നവർ ഈശോയുടെ മരണത്തിലും സംസ്കാരത്തിലും ഉത്ഥാനത്തിലും പങ്കുചേരുകയാണല്ലോ. വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ “ഈശോമിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവിടുത്തെ മരണത്തിലാകുന്നു ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? അവിടുത്തെ മരണത്തിലുള്ള ജ്ഞാനസ്നാനം സ്വീകരിച്ച നാം അവിടുത്തോടൊത്ത് സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. മിശിഹാ പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർത്തതുപോലെ നാമും പുതിയ ജീവനിൽ വ്യാപരിക്കാൻ വേണ്ടിയാണിത്” (റോമ. 6:3-4). മിശിഹായിലുള്ള പുതിയ ജീവിതത്തെക്കുറിച്ച് ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നു. “ഞാൻ മിശിഹായോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനിമുതൽ ജീവിക്കുന്നതു ഞാനല്ല; എന്നിൽ ജീവിക്കുന്നത് മിശിഹായാണ്. ഈ ശരീ

രത്തിൽ ഞാൻ ജീവിക്കുന്നത്, എന്നെ സ്നേഹിക്കുകയും എന്നെ പ്രതി സ്വയം ബലിയായി സമർപ്പിക്കുകയും ചെയ്ത ദൈവപുത്ര നിലുള്ള വിശ്വാസം മൂലമാണ്" (ഗലാ. 2:20). മാമ്മോദീസാ വ്രത ങ്ങൾ നവീകരിച്ചുകൊണ്ടും പുതിയ തീരുമാനങ്ങൾ എടുത്തു കൊണ്ടും ഉത്ഥിതനായ മിശിഹായോടൊപ്പം ജീവിക്കുന്ന പുതിയ മനുഷ്യരായി നമുക്കും ഉയിർപ്പുകാലത്തിലേയ്ക്ക് പ്രവേശിക്കാം. പുത്തൻവെള്ളവും പുത്തൻ തീയും പുതുഞായറുമെല്ലാം സൂചി പ്പിക്കുന്നത് ഈ പുതിയ ജീവതമാണ്.

ഉയിർപ്പുകാലത്തെ ആദ്യത്തെ ആഴ്ച മുഴുവൻ പുതു തായി മാമ്മോദീസാ സ്വീകരിച്ച് സഭയിലേയ്ക്ക് വന്നവരെ സ്വീക രിക്കുന്ന സന്തോഷദിനങ്ങളായി ആചരിച്ചിരുന്നു. ആഴ്ചകളുടെ ആഴ്ച എന്നാണ് ഈ ആഴ്ച അറിയപ്പെടുന്നത്. ഈ ആഴ്ചയിലെ വെള്ളിയാഴ്ച മാംസവർജ്ജനമില്ല. പീഡാനുഭവ വെള്ളിയാ ഴ്ചയ്ക്കു ശേഷം ആദ്യം വരുന്ന വെള്ളിയാഴ്ച എന്ന നിലയിൽ രക്തസാക്ഷികളുടെ ഓർമ്മ അന്ന് ആചരിച്ചുപോന്നു. കാലക്രമ ത്തിൽ അത് സകലവിശുദ്ധരുടെയും തിരുനാൾ ദിനമായി മാറി.

ഈസ്റ്ററിനെ തുടർന്നുള്ള ആഴ്ച സൺഡേസ്കൂൾ കുട്ടി കൾ ഉത്ഥാനോത്സവമായി ആചരിക്കുകയാണ്. അതിന്റെ വിജയ ത്തിന് ഇടവക മുഴുവന്റെയും പിന്തുണയും സഹകരണവും ഉണ്ടാ കുമെന്ന് പ്രതീക്ഷിക്കുന്നു.

ഉത്ഥിതനായ ഈശോ നല്കുന്ന സമാധാനവും സന്തോ ഷവും എല്ലാവരിലും നിറയട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം**

(വികാരിയച്ചൻ)

# വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ഒരു ഇടവകയിലെ കപ്യാർ, ചെറിയ ഒപ്പീസിന് സഹായിക്കുമ്പോൾ, “മരിച്ചവരെ ഉയിർപ്പിക്കുന്നവനെ നിന്റെ തിരുനാമത്തിനു സ്തുതി” എന്നതിനു പകരം “മരിച്ചവരെ ഉയിർപ്പിക്കുന്നവനെ നിന്റെ തീരുമാനത്തിനു സ്തുതി” എന്നു ചൊല്ലും. പല പ്രാവശ്യം വികാരിയച്ചൻ തിരുത്തിക്കൊടുത്തിട്ടും, കപ്യാർക്ക് അസാധ്യമായിരുന്നത്. പിന്നീടാണ് വികാരിയച്ചൻ തിരിച്ചറിയുന്നത്, കപ്യാർ പറയുന്നതിലും വലിയ ദൈവശാസ്ത്രമുണ്ടെന്ന്.

ദൈവത്തിന്റെ തീരുമാനമായിരുന്നു മരിച്ചവരെ ഉയിർപ്പിക്കണമെന്നുള്ളത്. ആദ്യം ഈശോയെ, പിന്നെ അവനിൽ മരിക്കുന്ന എല്ലാവരേയും. ഉയിർപ്പു തിരുനാളിൽ ദൈവത്തിന്റെ ആ തീരുമാനത്തെയാണ് നാം സ്തുതിക്കുന്നത്. “യേശുവിന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ, അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും” (റോമ 6:5). പാപം കൊണ്ടു വരുന്ന മരണത്തിൽ നിന്നായാലും, ശാരീരിക മരണത്തിൽ നിന്നായാലും, നാമെല്ലാവരും ഉയിർപ്പിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവനാണ് ദൈവം. കാരണം, ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്വം.

നാം ഉയിർത്തു കാണുവാൻ ആഗ്രഹിക്കാത്ത പലരുമുണ്ടാകാം, നമുക്കു ചുറ്റും. നമ്മുടെ ഉയിർപ്പ് പലർക്കും നഷ്ടം വരുത്തുമായിരിക്കാം. ഒരു മദ്യപാനിയുടെ മാനസാന്തരം ആഗ്രഹിക്കാത്ത പലരും അവനു ചുറ്റുമുണ്ടാകാം. കാരണം അവൻ മദ്യപാനം തുടരുന്നത് അവർക്കേതെങ്കിലും വിധത്തിൽ ഉപകാരപ്പെടുന്നുണ്ടാകും. പക്ഷെ അവന്റെ കുടുംബം എത്രമാത്രം അവന്റെ ഉയിർപ്പാഗ്രഹിക്കുന്നുണ്ടാകും?

എല്ലാവരും ഉയിർത്തുകാണുവാൻ നാം ആഗ്രഹിക്കണം. അതിനായി നമ്മെത്തന്നെ സമർപ്പിക്കുകയും വേണം. ദാരിദ്ര്യത്തിന്റെ, രോഗത്തിന്റെ, പാപത്തിന്റെ, അറിവില്ലായ്മയുടെ, നശ്വരതയുടെയെല്ലാം മരണത്തിൽ നിന്ന് എല്ലാവരും മോചിതരാകണം. ആരൊക്കെ നിരുത്സാഹപ്പെടുത്തിയാലും ഒരു ഉത്ഥാനജീവിതമാകണം നമ്മുടെ ലക്ഷ്യം.

ഈശോ ഉയിർത്തെഴുന്നേറ്റു എന്നതു മാത്രമല്ല നമ്മുടെ സന്തോഷത്തിന്റെ കാരണം; ഈശോയുടെ ഉത്ഥാനം നമുക്ക് ഉപകാരപ്പെട്ടു

വെന്നതു കൂടിയാണ്. ഉത്ഥിതൻ ശിഷ്യന്മാരിലേക്ക് തന്റെ ആത്മാവിനെ നിശ്വസിച്ചുവെന്നത് യോഹന്നാൻ സൂചിപ്പിക്കുന്നുണ്ട്. (യോഹ 20:22). പുതിയ ജീവിതത്തിനായുള്ള ചൈതന്യമാണ് ഉത്ഥിതനായ ഈശോ നമ്മുക്ക് പ്രദാനം ചെയ്തത്. ഉയിർപ്പുതിരുനാളാഘോഷിക്കുന്ന നമ്മുക്ക് ഉത്ഥിതനായ ഈശോ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ സ്വീകരിച്ച, ആത്മാവിന്റെ വരങ്ങളാലും, കൃപകളാലും ജീവിക്കുവാനായി പരിശ്രമിക്കാം. പ്രാർത്ഥിക്കാം.

ഈശോ സത്യമായും ഉയിർത്തെഴുന്നേറ്റു എന്നു ജീവിതം കൊണ്ട് സാക്ഷ്യം നൽകുവാൻ നമുക്കെല്ലാവർക്കും കഴിയട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

***എബിയച്ചൻ***





മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിച്ച
**അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനും**
**ബഹു. വികാരിയച്ചനും**
ഇടവക കുടുംബത്തിന്റെ

**പ്രാർത്ഥനാശംസകൾ!**

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **വാർഷിക പരീക്ഷ**

   സൺഡേസ്കൂളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഈ വർഷത്തെ വാർഷികപരീക്ഷ ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 12 വരെ നടത്തുന്നതാണ്.

2. **ഉത്ഥാനോത്സവം**

   ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 3 മുതൽ 7 വരെ തീയതികളിൽ നടത്തുന്നതാണ്. 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

3. **മിശിഹാനുഭവധ്യാനം**

   സൺഡേ സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള മിശിഹാനുഭവധ്യാനം ഏപ്രിൽ 24 മുതൽ 27 വരെ തീയതികളിൽ തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## ചെറുപുഷ്പ മിഷൻലീഗ്

1. ഫൊറോന ഇലക്ഷൻ നടത്തി. ഭാരവാഹികളെ തിരഞ്ഞെടുത്തു.
2. പത്രകളക്ഷൻ നടത്തി പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.
3. ചികിത്സാ സഹായം നൽകി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## സി. വൈ. എം. എ.

1. സി.വൈ.എം.എ നേഴ്സറി സ്കൂൾ വാർഷികം 22-3-2018 വ്യാഴാഴ്ച പാരീഷ് ഹാളിൽ ആഘോഷിച്ചു. പ്രസ്തുത സമ്മേളനത്തിൽ റവ. ഫാ. ജോസഫ് വെള്ളമറ്റം അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന സ്പെഷ്യൽ സ്കൂൾ ചെയർമാൻ റവ. ഫാ. റോയി വടക്കേൽ വിശിഷ്ടാതിഥിയായിരുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തി, സമ്മാനങ്ങൾ വിതരണം ചെയ്തു.
2. സംഘടനയുടെ ആഭിമുഖ്യത്തിലുള്ള മലയാറ്റൂർ തീർത്ഥാടനം ഏപ്രിൽ 6 വെള്ളിയാഴ്ച വൈകിട്ട് 8 മണിക്ക് പുറപ്പെടുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സി.വൈ.എം.എ ഓഫീസുമായി ബന്ധപ്പെടുക. (സീറ്റൊന്നിന് 250/- രൂപ)
3. സി.ജെ. മാത്യു ചെങ്ങളത്തിന്റെ (മലപ്പുറം ജില്ലയിലെ മികച്ച കർഷകൻ) നിലമ്പൂർ പനങ്കയം എസ്റ്റേറ്റിലേയ്ക്ക് അഗ്രികൾച്ചറൽ സ്റ്റഡി ടൂർ (സി.വൈ.എം.എ മെമ്പർമാർ) ഏപ്രിൽ 14 വൈകിട്ട് 9 മണിക്ക് പുറപ്പെട്ട് 16-ാം തീയതി വെളുപ്പിനെ തിരിച്ചെത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 500 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യുക

*റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

സ്ഥിരമായി നൽകാറുള്ള ചികിത്സാ/ഭക്ഷ്യ സഹായങ്ങൾക്കു പുറമേ, ഒരു വ്യക്തിയുടെ ചികിത്സയ്ക്കായി നൽകിയ 75000/- രൂപ ഉൾപ്പെടെ 4 പേർക്കായി 86000/- രൂപ ചികിത്സാസഹായം നൽകി. വിദ്യാഭ്യാസ സഹായമായി 5000/- രൂപയും, ദത്തു കോൺഫ്രൻസായ പുള്ളിക്കാനം സെന്റ് തോമസ് കോൺഫ്രൻസിന് ഗ്രാന്റായി 6000 രൂപയും നൽകി. നോമ്പുകാല പരിത്യാഗ പ്രവൃർത്തിയുടെ ഭാഗമായി എലിക്കുളം സെറിനിറ്റി ഹോം, അംഗങ്ങൾ സന്ദർശിക്കുകയും 10000/- രൂപ നൽകുകയും ചെയ്തു.

കെ.സി.ബി.സിയുടെ ദലിത് ക്രൈസ്തവർക്കായുള്ള ഭവന

നിർമ്മാണ പദ്ധതിയുടെ ഭാഗമായി കാഞ്ഞിരപ്പള്ളി രൂപതയും സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി കാഞ്ഞിരപ്പള്ളി സെൻട്രൽ കൗൺസിലും ചേർന്ന് നിർമ്മിക്കുന്ന രണ്ട് ഭവനങ്ങൾക്കായി 10000/ രൂപ നമ്മുടെ കോൺഫ്രൻസ് നൽകി.

ഭവന നിർമ്മാണത്തിനായി ഒരു മഹത് വ്യക്തി നൽകിയ 2,85,000/- രൂപ ഉപയോഗിച്ച് ഒരു സാധു കുടുംബത്തിന് സൊസൈറ്റി വീട് പണിതുകൊണ്ടിരിക്കുന്നു. ബാക്കി ആവശ്യമായ തുക സൊസൈറ്റി വഹിച്ച് പണി ഉടൻ പൂർത്തിയാക്കും. ഇടവക ഭവനസന്ദർശനം അംഗങ്ങൾ തുടരുന്നു.

***തോമസ് നരിതൂക്കിൽ (സെക്രട്ടറി)***

## പിതൃവേദി

പിതൃവേദിയുടെ കമ്മറ്റി യോഗങ്ങൾ 9-2-18, 23-2-18 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. 2018 മാർച്ച് 4 ന് 3-ാമത് പൊതുയോഗം ബഹു. വികാരിയച്ചൻ ഫാ. ജോസഫ് വെള്ളമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ അൽഫോൻസാ ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ അസി. വികാരി ഫാ. മാത്യു വാണിയപ്പുര, ഫാ. തോമസ് ഈറ്റോലിൽ എന്നിവർ സന്നിഹിതരായി ആശംസകൾ അർപ്പിച്ചു.

**ആശ്രമസന്ദർശനം:** യോഗ തീരുമാനപ്രകാരം നോമ്പുകാല ജീവകാരുണ്യ പ്രവർത്തനമായി അംഗങ്ങൾ ചെങ്കൽ നസ്രത്ത് ആശ്രമം മാർച്ച് മാസം 15-ാം തീയതി സന്ദർശിച്ചു. ആശ്രമ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകി.

**വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ:** മാർച്ച് 19 ന് വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ഇടവകയിലെ സീനിയർ സിറ്റിസൺസിനെ ആദരിച്ചുകൊണ്ട് വയോജനദിനമായി ആചരിച്ചു. കടുത്തുരുത്തി SVD സഭാ വൈദികൻ ഫാ. ജേക്കബ് മുളവരിക്കൽ പ്രത്യേക ക്ലാസ്സ് നടത്തി. അതിനു ശേഷം സ്നേഹവിരുന്നായി ഉച്ചഭക്ഷണവും നൽകി. ചടങ്ങുകളിൽ വൈദികരും ആരാധനാ മഠം സന്യസ്തരും ഉൾപ്പെടെ 200 ഓളം പേർ പങ്കെടുത്തു.

**തീർത്ഥാടനം:** ഉയിർപ്പു ഞായറിനുശേഷം വരുന്ന ആദ്യ വെള്ളിയാഴ്ചയായ 6-4-18 ന് വാഗമൺ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തുന്നതാണ്.

**മാത്തുക്കുട്ടി തൊമ്മിത്താഴെ** (സെക്രട്ടറി)

# അസോവ

നമ്മുടെ സംഘടനയുടെ 11 ഉം 12 ഉം ഡയറക്ടർ ബോർഡ് യോഗങ്ങൾ 8-2-18 വ്യാഴാഴ്ച 7 മണിക്ക് ട്രഷറർ കുഴിക്കാട്ട് തോമസ് ആന്റണിയുടെ ഭവനത്തിലും, 5-3-18 തിങ്കളാഴ്ച 7.30 ന് ബോർഡ് മെമ്പർ കെ.വി. മാത്യു കാച്ചപ്പള്ളിയുടെ ഭവനത്തിലും നടത്തപ്പെട്ടു. ബഹു. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റത്തിന്റെയും, റവ. ഫാ. തോമസ് ഈറ്റോലിയുടെയും, ബഹു. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിലിന്റെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗങ്ങളിൽ പ്രസിഡന്റ് എ.റ്റി ജോസഫ് അത്യാലിൽ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിച്ചു.

കപ്പാട് ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയ അസി. വികാരി റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിലിന് സമുചിതമായ യാത്രയയപ്പ് നല്കി. കൊച്ചച്ചൻ മറുപടിയും പറഞ്ഞു.

പുതുപ്പറമ്പിൽ ചാക്കോസാറിന്റെ ദേഹവിയോഗത്തിൽ അനുശോചനമറിയിക്കുകയും റീത്ത് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. M.B.F സ്കീമിന്റെ ആറാമത്തേയും, ഏഴാമത്തേയും നറുക്കെടുപ്പുകളിൽ ഗാസ്പർ തോമസ് വെച്ചൂകരോട്ടും, ഗോൾഡുഹിൽ ജോബ് ഈപ്പനും വിജയികളായി. നമ്മുടെ സംഘടനയ്ക്കുവേണ്ടി "പൊൻ അസ്സോവ" എന്ന പേരിൽ ഒരു വാട്സ് ആപ് ഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി. പുതിയ അസി. വികാരി റവ. ഫാ. മാത്യു വാണിയപ്പുരയ്ക്കലിനു സ്നേഹനിർഭരമായ സ്വീകരണവും നല്കി.

ട്രഷറർ തോമസ് ആന്റണി കുഴിക്കാട്ടിന്റെയും ബോർഡ് മെമ്പർ കെ.വി മാത്യു കാച്ചപ്പള്ളിയുടെയും ജന്മദിന വാർഷികങ്ങൾ സാഘോഷം നടത്തപ്പെട്ടു. ബഹു. വൈദിക ശ്രേഷ്ഠർ പ്രാർത്ഥനാശംസകൾ നടത്തി. ബോർഡ് മെമ്പർമാരായ എം.വി വർഗീസ് മള്ളാത്ത് , കെ.വി. മാത്യു കാച്ചപ്പള്ളി എന്നിവർ പ്രസംഗിച്ചു. സ്നേഹവിരുന്നോടെ യോഗനടപടികൾ രാത്രി 9 മണിക്ക് സമാപിച്ചു.

**പി.സി. ചാക്കോ പുളിക്കൽ** (സെക്രട്ടറി)

# കത്തോലിക്കാ കോൺഗ്രസ്

18-2-2018 ൽ കുട്ടിക്കാനത്ത് മരിയൻ കോളേജിൽ രൂപതാസഹായമെത്രാൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ, രൂപതാ മെത്രാൻ മാർ മാത്യു അറയ്ക്കൽ പിതാവ് ഉത്ഘാടനം ചെയ്ത കത്തോലിക്കാ കോൺഗ്രസ് രൂപതാ നേതൃപരിശീലന ക്യാമ്പിൽ യൂണിറ്റിൽ നിന്ന് 14 അംഗങ്ങൾ പങ്കെടുത്തു.

3-3-2018 ൽ ഫൊറോനാതല യൂണിറ്റ് പ്രസിഡന്റുമാരുടെ യോഗം പൊൻകുന്നത്തുവച്ച് നടത്തുകയുണ്ടായി. ഇടവകയുടെ അസി. വികാരിയും യൂണിറ്റിന്റെ അസി. ഡയറക്ടറുമായി ചാർജെടുത്ത ബഹു. മാത്യു വാണിയപ്പുരയ്ക്കൽ അച്ചന് യോഗത്തിൽ സ്വീകരണം നൽകുകയും, പ്രസിഡന്റ് അഡ്വ. ബോബൻ മണ്ണാറാത്ത്, ഫൊറോനാ പ്രസിഡന്റ് ശ്രീ ജോർജ് കൊച്ചുപുരയ്ക്കൽ എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് സംസാരിക്കുകയും ചെയ്തു. പ്രസ്തുതയോഗത്തിൽ വച്ച് യൂണിറ്റ് സെക്രട്ടറി ശ്രീ. ജോസ് മാനുവൽ വട്ടയ്ക്കാട്ട് ഫൊറോനാ ജനറൽ സെക്രട്ടറിയായി നിയമിതനായി.

ഈ ഇടവകയിൽ നിന്നു കപ്പാട് മാർ സ്ളീവാ പള്ളിയിലേക്ക് സ്ഥലം മാറിപ്പോയ ബഹു. അസി. വികാരി ജോസഫ് അറയ്ക്കപ്പറമ്പിൽ അച്ചന് സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

വിദേശത്തേയ്ക്ക് പോകുന്ന യൂണിറ്റ് അംഗങ്ങളായ ശ്രീ. ജോസ് തെക്കേക്കുറ്റിനും, ശ്രീ. തോമസ് ആര്യാടൻ പ്ലാക്കലിനും സമുചിതമായ യാത്രയയപ്പ് നൽകി. പുതിയ രൂപതാ പ്രതിനിധിയായി ശ്രീ. കെ.വി മാത്യു കാച്ചപ്പള്ളിയെ തിരഞ്ഞെടുത്തു. തദവസരത്തിൽ വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ശ്രീ. രാജു കട്ടക്കയം പുത്തൻ പുരയ്ക്കൽ കൊണ്ടുവന്ന മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

പുതുഞായറിനോടനുബന്ധിച്ച് അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി മലയാറ്റൂർ തീർത്ഥാടനവും വാർഷിക വിനോദയാത്രയുടെ ഭാഗമായി ആതിരപ്പള്ളി, വാഴച്ചാൽ സന്ദർശനവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

പുതുതായി ഇടവക ഡയറക്ടറി ഇറക്കുന്നത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതോടനുബന്ധിച്ചുതന്നെ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു എസ്.എം.എസ് ഗ്രൂപ്പും ഉണ്ടാക്കുവാനും തീരുമാനമെടുത്തു.

**ജോസ് മാനുവൽ** (സെക്രട്ടറി)

1. **യാത്രയയപ്പ് നൽകി**

ബഹുമാനപ്പെട്ട സിജോ അറയ്ക്കപ്പറമ്പിലച്ചന് യുവജനങ്ങൾ യാത്രയയപ്പ് നൽകി.

2. **സ്വീകരണം നൽകി**

പുതിയ അസി. വികാരിയായി ചാർജ്ജെടുത്ത ബഹു. എബി. വാണിയപുരയ്ക്കലച്ചന് യുവജനങ്ങൾ സ്വീകരണം നൽകി.

3 **പരീക്ഷ ഒരുക്ക ധ്യാനം**

പൊൻകുന്നം ഫൊറോന യുവദീപ്തിയുടെയും ഇടവക യുവ ദീപ്തിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ പരീക്ഷ ഒരുക്ക ധ്യാനത്തിൽ 180-ഓളം കുട്ടികൾ പങ്കെടുത്തു.

4. **U-Turn**

ചെങ്ങളത്തുവച്ച് നടന്ന U-Turn - 2018 ൽ പൊൻകുന്നത്തുനിന്നുള്ള എസ്. എം. വൈ. എം. എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

5. **യൂണിറ്റ് സന്ദർശനം**

പൊൻകുന്നം ഫൊറോന എസ്.എം.വൈ.എം എക്സിക്യൂട്ടീവ്സ് നമ്മുടെ ഇടവക യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

6. **നാമഹേതുക തിരുന്നാൾ ആഘോഷിച്ചു.**

ബഹു. വികാരി ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

7. **മലയാറ്റൂർ തീർത്ഥാടനം**

പൊൻകുന്നം യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 27 ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്ക് മലയാറ്റൂർ തീർത്ഥാടനം നടത്തുവാൻ തീരുമാനിച്ചു. സീറ്റ് ഒന്നിന് 300 രൂപ (ഭക്ഷണം ഉൾപ്പെടെ) ബുക്കിംഗിന് ബന്ധപ്പെടുക: 9895503687, 94955172531, 7558077082

*സച്ചിൻ കുഴിവേലിൽ (സെക്രട്ടറി)*

# മാതൃവേദി

1. കഴിഞ്ഞ ഒരു വർഷം മാതൃവേദിയുടെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന റവ. ഫാ. സിജോ അറയ്ക്കപറമ്പിലിന് യാത്രയയപ്പ് നൽകി.
2. മാതൃവേദി പൊൻകുന്നം, കാഞ്ഞിരപ്പള്ളി മുണ്ടക്കയം ഫൊറോനകളുടെ ലീഡേഴ്സ് മീറ്റ് 15-2-2018 ൽ നമ്മുടെ ഇടവകയിൽ വച്ച് നടന്നു.
3. ചികിത്സാ സഹായമായി 31000/- രൂപാ നൽകി.
4. ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെയും അസിസ്റ്റന്റ് ഡയറക്ടറച്ചന്റെയും തോമസ് ഈറ്റോലിൽ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ 28-2-2018 ൽ വാഗമൺ കുരിശുമല തീർത്ഥാടനം നടത്തി.
5. നോയമ്പിലെ എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മണിക്ക് മാതൃവേദി അംഗങ്ങൾ പള്ളിയിൽ കുരിശിന്റെ വഴി നടത്തുന്നു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**



# തിരുസ്സഭയിലെ നവസൂനങ്ങൾ

1. അന്നമ്മ വടക്കേടത്ത്
2. വേറോനിക്ക പുത്തൻപുരയ്ക്കൽ
3. അന്ന തൊമ്മിത്താഴെ

# ഓർമ്മകളിലേയ്ക്ക്

1. പി.സി ചാക്കോ പടന്നമാക്കൽ പുതുപ്പറമ്പിൽ
2. ഏലിയാമ്മ ചീരംവേലിൽ

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

**25-03-2018 (ഓശാന ഞായർ)**

5.15 a.m. - **വി. കുർബ്ബാന**
7.00 a.m. - **കുരുത്തോല വെഞ്ചെരിപ്പ്, ആഘോഷമായ വി. കുർബ്ബാന**
10.00 a.m. - **വി. കുർബ്ബാന**
4.00 p.m. - **വി. കുർബ്ബാന**

**26-03-2018 തിങ്കൾ**

6.00 a.m. - **വി. കുർബ്ബാന, വൈകിട്ട് 6 – 8 കുമ്പസാരം**
7.00 a.m. - **വി. കുർബ്ബാന**
5.00 p.m. - **വി. കുർബ്ബാന**

**27-03-2018 ചൊവ്വ**

6.00 a.m. - **വി. കുർബ്ബാന**
7.00 a.m. - **വി. കുർബ്ബാന**
5.00 p.m. - **വി. കുർബ്ബാന**
9.30 a.m. - **കിടപ്പുരോഗികൾക്ക് ഭവനങ്ങളിൽ വി. കുർബ്ബാന നൽകുന്നു.**

**28-03-2018 ബുധൻ**

6.00 a.m. - **വി. കുർബ്ബാന**
7.00 a.m. - **വി. കുർബ്ബാന**

**29-03-2018 (പെസഹാ വ്യാഴം)**

7.00 a.m. - **വി. കുർബ്ബാന, കാലുകഴുകൽ ശുശ്രൂഷ**
**നിശബ്ദ ആരാധന, പ്രാർത്ഥന**
4.30 p.m - **റംശാ പ്രാർത്ഥന**
5.00 p.m To 6.00 pm - **പൊതു ആരാധന**

**30-03-2018 (പീഡാനുഭവ വെള്ളി)**

8.00 a.m. - **തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു. കുരിശിന്റെ വഴി, കഞ്ഞി**

**31-03-2018 (വലിയ ശനി)**

6.30 a.m. - **വി. കുർബ്ബാന, മാമ്മോദീസാവ്രത നവീകരണം**
**വെള്ളം വെഞ്ചെരിപ്പ്**

**01-04-2018 (ഉയിർപ്പ് ഞായർ)**

2.45 a.m. - **ഉയിർപ്പിന്റെ കർമ്മങ്ങൾ, വി. കുർബ്ബാന**
5.15 a.m. - **വി. കുർബ്ബാന.**
7.00 a.m. - **വി. കുർബ്ബാന.**
10.00 a.m. - **വി. കുർബ്ബാന.**

# **നിയമബോധനം** അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## പോലീസിൽ കൊടുക്കുന്ന പരാതികൾ

എന്റെ ജോലിക്കാരന്റെ കൈമുറിഞ്ഞ് ബ്ലഡ് നിൽക്കുന്നില്ല എന്നൊരു ഫോൺ മെസേജ് അവരുടെ വീട്ടിൽ നിന്നും വന്നതിനെ തുടർന്ന് ഞാൻ അവിടെയെത്തി അദ്ദേഹത്തെയും കൊണ്ട് ആശുപത്രിയിലേക്ക് പോകവെ പോലീസ് കൺട്രോൾ റൂമിന്റെ വാഹനം എന്റെ കാറിനു മുന്നിൽ വന്നു നിന്നു. സമയം വൈകി 8 മണിയോടടുത്തിട്ടുണ്ടാവും മദ്യപിച്ച് വീട്ടിൽ അക്രമാസക്തനായി പ്രവർത്തിക്കുന്നു എന്ന തെറ്റായ ആരുടെയോ ഫോൺ സന്ദേശത്തെ തുടർന്നാണ് പോലീസെത്തിയത്.

എന്നെയോ, ഞാൻ അഡ്വക്കേറ്റാണെന്ന വിവരമോ , വന്ന പോലീസ് ഉദ്യോഗസ്ഥർക്കറിവില്ലായിരുന്നു. ഞാൻ വെളുപ്പെടുത്തിയതുമില്ല. പോലീസിനോടു ഞാൻ പറഞ്ഞു "അയാൾ കൈമുറിഞ്ഞ് രക്തം വാർന്നു കൊണ്ടിരിക്കുന്ന ആളാണ് ഞാൻ ഹോസ്പിറ്റലിൽ കൊണ്ടുപോവുകയാണ്". ആവശ്യമെങ്കിൽ ആശുപത്രിയിൽ ചികിത്സക്കുശേഷം ഞാൻ പോലീസ് സ്റ്റേഷനിൽ എത്തിച്ചേക്കാമെന്നും പറഞ്ഞു. പോലീസ് അവരുടെ ധാർഷ്ട്യം കാണിച്ചപ്പോൾ ഞാൻ പോലീസ് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പരും വന്ന പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളും ചോദിച്ചു മനസ്സിലാക്കിയശേഷം നിലവിലുള്ള നിയമങ്ങൾക്കതീതമായി പോലീസ് എന്റെ വാഹനത്തിൽ നിന്നും ബലമായി അയാളെ ഇറക്കി കൊണ്ടുപോയാൽ ബാക്കിയുള്ള നടപടികൾ നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പു നൽകി പോലീസ് വണ്ടി മാറ്റിച്ച് ഞാൻ അയാളെ ആശുപത്രി ചികിത്സക്കു വിധേയമാക്കി ജോലിക്കാരന്റെ വീട്ടിൽ നിന്നും ആരും ഫോൺ ചെയ്തിരുന്നില്ലതാനും.

എനിക്കുണ്ടായ അനുഭവം ഞാൻ വിവരിച്ചത് നമ്മുടെ ഈ കൊച്ചു വില്ലേജിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കുന്നതിനുവേണ്ടിയാണ്. പൊൻകുന്നം ടൗണിൽ ഓട്ടോ റിക്ഷാ ഓടിക്കുന്ന ഒരു ഡ്രൈവറും പോലീസ് സംവിധാനത്തിൽ സാമാന്യം സ്വാധീനമുള്ള ഒരാളുമായി വാക്കു തർക്കമുണ്ടാവുകയും അത് അടിപിടിയിൽ കലാശിക്കുകയും ഓട്ടോ ഡ്രൈവർ ആശുപത്രിയിലെത്തി ചികിത്സ തേടുകയും ചെയ്തു. പോലീസ് വന്ന് ബാക്കി തുടർനടപടികൾ ചെയ്തു കൊള്ളുമെന്നുള്ള ധാരണയോടുകൂടി ടിയാൻ വീട്ടിൽ തിരിച്ചെത്തി അൽപം മിനുങ്ങി. ഈ സമയം ടി ഓട്ടോഡ്രൈവറുടെ സുഹൃത്തിന്റെ ഫോണിൽ പോലീസ് സ്റ്റേഷനിൽ നിന്നും വിളി വന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഓട്ടോ ഡ്രൈവറും സുഹൃത്തും കൂടി പോലീസ് സ്റ്റേഷനിൽ എത്തി അവിടെ വച്ച് ഓട്ടോ ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസും ഓട്ടോറിക്ഷയുടെ അനുബന്ധ പേപ്പറുകളും പോലീസ് വാങ്ങിയെടുത്ത് വീട്ടിലേക്ക് വിട്ടു . ലൈസൻസ് ആർ.ടി ഒ ഓഫീസിലേക്ക് അയക്കുകയാണ് എന്നും അവിടെ നിന്നും തിരികെ വാങ്ങികൊള്ളാൻ നിർദ്ദേശവും നൽകി.

കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും പ്രധാനപ്പെട്ട രേഖകൾ വാങ്ങുന്നുവെങ്കിൽ അതിന് രസീത് കൊടുക്കേണ്ടതുമാണ്. ഓട്ടോ ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് തിരികെ വാങ്ങുന്നതിന് യൂണിയൻ നേതാവു മുഖാന്തിരം സ്റ്റേഷനിലെത്തിയപ്പോൾ 10 ദിവസം കഴിഞ്ഞു കൊടുക്കാമെന്നു പറയുകയും അതുകേട്ടുകൊണ്ട് നേതാവ് സ്റ്റേഷനിൽ നിന്നും പോരികയും ചെയ്തു. നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരുടെ ആർജ്ജവം ഉത്തരവാദിത്വപ്പെട്ടവരുടെ നിയമ ലംഘനങ്ങൾക്ക് വളം വയ്ക്കുക മാത്രമാണ് ചെയ്യുന്നത്.

മനുഷ്യൻ കഴിച്ചിട്ടുള്ള മദ്യത്തിന്റെ അളവ് അറിയുന്നതിനുവേണ്ടിയുള്ള ഇലക്ട്രോണിക് ഉപകരണമാണ് ബ്രീത്ത് അനലൈസർ അഥവാ ആൽക്കോമീറ്റർ. ഉച്ഛ്വാസ വായുവിൽ കൂടിയാണ് അതിന്റെ അളവുകൾ അറിയുന്നത് ഒരാൾ ഊതിക്കഴിഞ്ഞാൽ അത് ടിഷ്യൂ പേപ്പറുകൊണ്ട് തുടച്ചിട്ടെ അടുത്ത ആളിനെകൊണ്ട് അതിലൂടെ ഊതിക്കുവാൻ പാടുള്ളൂ എന്നതാണ് ചട്ടം .

നോട്ടം, പോസ്റ്റേഴ്സ്, സംഭാഷണ രീതി എന്നിവയൊക്കെയും ഒരു വ്യക്തിയുടെ മാന്യതയേയും, ധാഷ്ഠ്യത്തേയും തിരിച്ചറിയിക്കും. പോലീസ് വാഹനത്തിന്റെ ക്രാഷ് ഗാർഡിൽ ഒരു കാലും ഉയർത്തിവച്ച് എഴുതികൊണ്ടിരിക്കുന്ന പോലീസ് ആഫീസറുടെ അടുത്തേക്ക് വാഹനത്തിന്റെ ബുക്കും പേപ്പറും ഡ്രൈവിംഗ് ലൈസൻസുമൊക്കെയായി പോയി അദ്ദേഹത്തിന്റെ ഊഴവം കാത്തു നിൽക്കേണ്ട കാലമൊക്കെയും കഴിഞ്ഞു. നിലവിലുള്ള നിയമം പോലീസ്, ഡ്രൈവിംഗ് സീറ്റിനടുത്തെത്തി മാന്യമായി സംസാരിച്ച് ആവശ്യമായ പേപ്പറുകൾ പരിശോധിക്കുക എന്നതാണ്. നിയമങ്ങളെകുറിച്ചുള്ള നമ്മുടെ അജ്ഞത പോലീസുകാരെയും മറ്റു സർക്കാർ ഉദ്യോഗസ്ഥരെയും മേലാളന്മാരാക്കി മാറ്റുന്ന നമ്മുടെ ബുദ്ധിപരമായ അടിമത്തം മാറ്റിയില്ലെങ്കിൽ ഒരു സംസ്കൃത സമൂഹത്തെ സൃഷ്ടിച്ചെടുക്കുവാൻ കഴിയുകയില്ല.

കേരള പോലീസ് ആക്റ്റിൽ തന്നെ ഡ്യൂട്ടിയിലുള്ള പോലീസ് അനുകമ്പ, ദയ, മര്യാദ എന്നിവയോടുകൂടി മാത്രം പബ്ലിക്കിനോട് ഇടപെടണം എന്നാണ്. സ്ത്രീകളോടും, കുട്ടികളോടും, അംഗപരിമിതയുള്ളവരോടും വയോധികരോടും കുറ്റകൃത്യങ്ങൾ ക്കിരയായവരോടും ഇടപെടുമ്പോൾ പ്രത്യേക പരിഗണന കാണിക്കേണ്ടതുണ്ട്. പ്രകോപനം ഉണ്ടായാൽ പോലും അചഞ്ചലരായിരി ക്കുന്നതിനുള്ള മാനസിക പക്വത പോലീസിനുണ്ടാകേണ്ടതാണ്. പോലീസിന്റെ നിരീക്ഷണത്തിൽ കഴിയുമ്പോഴോ കസ്റ്റഡിയിൽ ആയിരിക്കുമ്പോൾ പോലുമോ മോശമായ പെരുമറ്റമോ ഇൻഡീസന്റ് ഭാഷയിലുള്ള പ്രയോഗമോ പോലീസിനുപാടില്ല എന്നുള്ളതാണ് ചട്ടം.

ക്രിമിനൽ നിയമങ്ങളെക്കുറിച്ചും സിവിൽ നിയമങ്ങളെക്കുറിച്ചും ഒക്കെയും പല ലക്കങ്ങളിലൂടെ ഇതിനോടകം ഏകദേശമായ ഒരു ധാരണ ഈ പക്തി വായിക്കുന്ന വർക്കുണ്ടായിട്ടുണ്ടാവും, ക്രമസമാധനനില നിലനിർത്തുന്നതിന് നിയമേന ബാദ്ധ്യസ്ഥരായ പോലീസിന്, സാമ്പത്തികമായ കൊടുക്കൽ വാങ്ങലുകളിലോ, വസ്തു സംബന്ധമായ കേസ്സുക ളിലോ, കടുംബ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള കേസ്സുകളിലോ ജീവനാശം സംബന്ധിച്ചുള്ള കേസ്സുകളിലോ ഇടപെടുന്നതിനു നിയമേന പോലീസിനിന് അധികാരമില്ല. എന്തു പ്രശ്നങ്ങൾ ഉണ്ടായാലും ഉടനെ പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുന്ന രീതിയാണ് സാധാരണക്കാരനുള്ളത്. ഇങ്ങിനെ പോലീസ് സ്റ്റേഷനിൽ വരുന്ന പരാതികൾ പരിഹരിക്കുന്നതിനായി മാസത്തിലൊരിക്കൽ ലീഗൽ സർവ്വീസസ് കമ്മറ്റിയിൽ നിന്നും നിയമിക്കുന്ന ഒരു അഡ്വക്കേറ്റിന്റെ സാന്നിദ്ധ്യത്തിൽ പോലീസ് സ്റ്റേഷനിൽ പരാതിയിലെ ഇരുഭാഗക്കാരെയും വിളിച്ചു വരുത്തി ടിപരാതി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്കായി പുതിയ സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ്.

ഇന്ത്യൻ പീനൽ കോഡിലുള്ള കുറ്റകൃത്യങ്ങൾ നടന്നിട്ടുള്ളതു സംബന്ധിച്ച് പരാതികൾ പോലീസിന്റെ നൽകേണ്ടതും, നൽകാവുന്നതുമാണ്. പരാതികൾ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകേണ്ടതും നൽകുന്ന പരാതികളിന്മേൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. പരാതി കൊടുത്താൽ രസീത് ആവശ്യപ്പെടേണ്ടതും അത് നൽകുന്നതിന് പോലീസ് നിയമേന ബാദ്ധ്യസ്ഥരുമാണ്. കൊടുത്തപരാതിയിന്മേൽ പരിഹാരമുണ്ടായില്ലെങ്കിൽ മേലുദ്യോഗസ്ഥർക്ക് രസീതിൽ കാണിച്ചിരിക്കുന്ന റഫറൻസ് നമ്പർ വച്ച് വീണ്ടും പരാതിപ്പെടാവുന്നതാണ്. കോടതി നടപടികളിലേക്ക് പോകുന്നതിനും പരാതിക്കാരന് പ്രൊവിഷനുണ്ട്.

# 5–ാം ചരമവാർഷികം



## വി.എം. ഇമ്മാനുവേൽ

**വട്ടക്കാട്ട്**

**പൊൻകുന്നം**

**മരണം: 15–4–2013**

Vattakkattu
Constructions
Architects | Engineers | Builders | Developers

# Vattakkattu Constructions

**Architects | Engineers | Builders | Developers**

Karimpanal Bldg, Opp. Panchayath Office,K.K Road Kanjirapally

Near RT Office,P.P Road, Ponkunnam

**Ph: 04828 204656, 8592053383**







## design

architectural

structural

## build

residential

commercial

industrial

## interiors



**PLAN|ESTIMATE|BUILDING PERMIT|STRUCTURAL DESIGN**